മലയാളം ടൈപ്പിസ്റ്റുകൾ.

145. MR. T. T. KESAVAN SASTRI : മലയാളം ടൈപ്പുറൈറ്റിംഗ് എക്സാമിനേഷൻ പാസ്സായി പേർ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വരുടെ ആകെ എണ്ണം എത്രയെന്നും, ഇപ്പോൾ ഗവണ്മെൻറ് സർവ്വീസിലുള്ള മലയാളം ടൈപ്പിസ്റ്റുകളുടെ എണ്ണം എത്രയെന്നും അതിൽ യഥാക്രമം സ്ത്രീകളെത്രയെന്നും പുരുഷന്മാർ എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI :

Number of Malayalam Typists registered for appointment—53.
Number of Malayalam Typists in State :

Service	19
Males	11
Femles	8

കരുനാഗപ്പള്ളിയിലെ സമുദ്രതീരപ്രദേശങ്ങൾ.

146. MR. E. BHASKARAN (*Karunagappally I—Araya Reserved*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മൈനിംഗ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) കരുനാഗപ്പള്ളി താലൂക്കിലെ സമുദ്രതീരപ്രദേശങ്ങൾ മൈനിംഗ് ഏരിയായായി പ്രഖ്യാപനം ചെയ്തിട്ടുണ്ടോ?

(ബി) മേൽപറഞ്ഞ പ്രദേശങ്ങളിൽ അധിവസിക്കുന്ന ബഹു സഹസ്രം ജനങ്ങളിൽ ബഹുഭൂരിപക്ഷവും മത്സ്യത്തൊഴിലാളികളാണെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഇല്ലാ. (ബി) അറിയാം

വെള്ളം വറ്റിക്കുന്നതിനുള്ള പമ്പുകൾ

147. MR. P. K. KUMARAN ASARI (*Meenachil I—Kammala Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കായലുകളിലും പാടങ്ങളിലും സമയാസമയങ്ങളിൽ വെള്ളം വറ്റിക്കുന്നതിന് ആവശ്യമുള്ളിടത്തോളം പമ്പുസെറ്റുകൾ തിരുവിതാംകൂറിൽ ഇല്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly